**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5251** **12-08-2021 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ വാണിജ്യ മേഖലയ്ക്ക് വായ്പാ സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് വായ്പാ സഹായം ലഭ്യമാകുന്ന ധനകാര്യ സ്ഥാപനങ്ങളിൽ കെ.എഫ്.സി.യുടെ പങ്ക് വളരെ വലുതാണ്. നാളിതുവരെ കേരളത്തിലുടനീളം 65000പ്രോജക്ടുകൾക്ക് കെ.എഫ്.സി വായ്പാ സഹായം നൽകുകയുണ്ടായി. MSME വായ്പ വഴി ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കൂടാതെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിൽ മുഖ്യപങ്ക് കെ.എഫ്.സി. യുടെതാണ്. 2020-21 സാമ്പത്തിക വർഷം മാത്രം 4660 സംരംഭങ്ങൾക്കായി ഏകദേശം 4164 കോടി രൂപ വായ്പാനുമതി കെ.എഫ്.സി നൽകുകയുണ്ടായി. |
| (ബി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ലോൺ പോർട്ട്ഫോളിയോ അടുത്ത അഞ്ചുവർഷം കൊണ്ട് ഗണ്യമായി വർധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | ഉണ്ട്. അടുത്ത 5 വർഷം കൊണ്ട് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പാ ആസ്തി (ലോൺ പോർട്ട്ഫോളിയോ) 10,000 കോടി രൂപയായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട സംരംഭകർക്ക് വാണിജ്യ ബാങ്കുകൾ നൽകുന്നതുപോലെ പ്രവർത്തന മൂലധനം നൽകാൻ കെ.എഫ്.സി തത്വത്തിൽ തീരുമാനമെടുക്കുകയും അതു പ്രാവർത്തികമാക്കാൻ വിവിധ ബാങ്കുകളുടെ അനുമതിക്കായി ശ്രമിച്ചുവരുകയും ചെയ്യുന്നു. |
| (സി) | നടപ്പുസാമ്പത്തിക വർഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പ ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (സി) | ഉണ്ട്. 2021-22 സാമ്പത്തിക വർഷം 4500 കോടി രൂപയുടെ വായ്പ അനുമതി നൽകാനും 3400 കോടി രൂപ വിതരണം നടത്താനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 50% MSME കൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) | കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട | (ഡി) | ഉണ്ട്. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പ പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുവാനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1) കെ.എഫ്.സി വായ്പകൾക്ക് RBI നിബന്ധനകൾക്ക് വിധേയമായുള്ള മോറട്ടോറിയവും തിരിച്ചടവ് പുന:ക്രമീകരണവും. 2) പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20% അധിക വായ്പ. 3) കോവിഡ് പ്രതിരോധ ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് 90% വരെ വായ്പ. 4) ചെറുകിട വ്യവസായം, ആരോഗ്യ പരിപാലനം, ടൂറിസം മേഖലയിലെ യൂണിറ്റുകളുടെ കുറഞ്ഞ പലിശ 9.5% ത്തിൽ നിന്ന് 8% മായി കുറച്ചു. ഉയർന്ന പലിശ നിരക്ക് 12% ത്തിൽ നിന്ന് 10.50% മായി കുറച്ചു. 5) സ്റ്റാർട്ടപ്പുകൾക്ക് 10 കോടി വരെ വായ്പ. 6) വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകൾക്ക് പ്രത്യേക വായ്പാ പദ്ധതി. |

സെക്ഷൻ ഓഫീസർ